# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 983 — 08.01.2014 -ൽ മറുപടിക്ക്.

## അന്യസംസ്ഥാന തൊഴിലാളികൾക്കായുള്ള ക്ഷേമപ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. വി. വിജയദാസ് | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് നിലവിൽ എത്ര അന്യസംസ്ഥാന തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ടെന്നുള്ള കണക്ക് ലഭ്യമാക്കുമോ; | (എ) തൊഴിൽ വകുപ്പിനുവേണ്ടി ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയ പഠനത്തിൽ 25 ലക്ഷത്തിൽപ്പരം അന്യസംസ്ഥാന തൊഴിലാളികൾ കേരളത്തിൽ ഉള്ളതായി കണക്കാക്കിയിട്ടുണ്ട്. |
| (ബി) പ്രസ്തുത തൊഴിലാളിക ളുടെ രജിസ്ട്രേഷൻ നിർബന്ധമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; | (ബി) തൊഴിലാളികളുടെ രജിസ്ട്രേഷൻ നിർബന്ധമാക്കുന്നതിനുള്ള ബിൽ സർക്കാരിന്റെ പരിഗണനയിലാണ്. |
| (സി) ഈ തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി സർക്കാർ സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം നൽകുമോ; | (സി) അന്യസംസ്ഥാന തൊഴിലാളികൾക്കായി ഒരു ക്ഷേമപദ്ധതി നിർമ്മാണ തൊഴിലാളി ക്ഷേമനിധിയുടെ കീഴിൽ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ടി തൊഴിലാളികളെ നിർബന്ധമായും രജിസ്റ്റർ ചെയ്യുന്നതിനും അന്യസംസ്ഥാന തൊഴിലാളികളുടെ ക്ഷേമവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിനുമുള്ള കേരള മൈഗ്രൻറ് വർക്കേഴ്സ് സോഷ്യൽ സെക്യൂരിറ്റി ബിൽ 2013 സർക്കാരിന്റെ പരിഗണനയിലാണ്. |
| (ഡി) ഇവരുടെ മനുഷ്യാവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നുവെന്ന് സർക്കാരിന് ബോദ്ധ്യപ്പെട്ടിട്ടുണ്ടോ; | (ഡി) ഉണ്ട്. |
| (ഇ) ഈ തൊഴിലാളികൾ ചൂഷണം ചെയ്യപ്പെടുന്ന വിവരങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ? | (ഇ) ഇല്ല. |

സെക്ഷൻ ആഫീസർ.